## കേരള പബ്ലിക് സർവീസ് കമ്മീഷൻ

### പ്രസിദ്ധീകരണത്തിന്

### <u>പത്രക്കുറിപ്പ്</u>

PSC ബുള്ളറ്റിനിന്റെ 2020 ഏപ്രിൽ 15 ലക്കത്തിലെ സമകാലികം പംക്തിയിൽ കോവിഡ് 19 മായി ബന്ധപ്പെട്ട് അനുചിതവും വസ്തുതാ വിരുദ്ധവുമായ വിവരം ഉൾപ്പെട്ടതിൽ PSC നിർവ്യാജം ഖേദിക്കുന്നു. വിവിധ മാധ്യമ വിശകലനങ്ങളെ അടിസ്ഥാനമാക്കിയാണ് സാധാരണ നിലയിൽ "സമകാലികം" പംക്തി തയ്യാറാക്കുന്നത്. ലോക്ക്ഡൗൺ കാലയളവിൽ ഓഫീസ് പ്രവർത്തനത്തിന് പരിമിതികൾ ഏറെയുണ്ടായെങ്കിലും ബുള്ളറ്റിനിൽ കടന്നുകൂടിയ ഗുരുതരമായ പിഴവിന് യാതൊരു നീതികരണവുമില്ല. ഈ സാഹചര്യത്തിൽ വിവാദപരമായതും വസ്തുതാവിരുദ്ധവുമായ പരാമർശം PSC ബുള്ളറ്റിനിലെ സമകാലികം പംക്തിയിലെ 19-ാം ഇനമായി ഉൾപ്പെടുന്നതിനു കാരണക്കാരായ PSC പബ്ലിക് റിലേഷൻസ് വിഭാഗത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ PSC ബുള്ളറ്റിന്റെ പ്രസിദ്ധീകരണ ചുമതലയിൽ നിന്നും ഒഴിവാക്കുന്നതിനും അവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിനും കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. വസ്തുതാവിരുദ്ധമായ വിവരം PSC ബുള്ളറ്റിൻ 2020 ഏപ്രിൽ 15 ന്റെ ലക്കത്തിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്.

സെക്രട്ടറി
കേരള പബ്ലിക് സർവീസ് കമ്മീഷൻ